# പതിനാലാം കേരളനിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 287      19.07.2016-ൽ മറുപടിയ്ക്ക്.

## പഞ്ചായത്തുകളിൽ ഫണ്ട് ലാപ്സാകുന്നത് തടയാൻ നടപടി

| ചോദ്യം<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.എം.വിൻസെന്റ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തുകളിൽ ഫണ്ട് ലാപ്സാകുന്നതും പദ്ധതി അപൂർണമാകുന്നതും ഒഴിവാക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ; | (എ) | ഒരു സാമ്പത്തിക വർഷം ചെലവാകാതെ വരുന്ന തുക അടുത്ത സാമ്പത്തിക വർഷം SDG/അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ച നൽകുന്ന രീതി 2015-16 വർഷം മുതൽ നിലവിലുണ്ട്. ഒരു വർഷം പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികൾ സ്പിൽ ഓവർ പ്രോജക്ടായി അടുത്ത സാമ്പത്തിക വർഷം ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സഹായിക്കുകയാണ് ഇതുകൊണ്ട് ലക്ഷ്യമാക്കുന്നത്. |
| (സി) | ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ? | (സി) | ചെലവ് ചെയ്ത് ബാക്കി വരുന്ന തുകയുടെ കണക്ക് ട്രഷറികളിൽ നിന്നും ധനകാര്യ വകുപ്പ് ശേഖരിക്കുകയും അടുത്ത ധനകാര്യ വർഷം പഞ്ചായത്തുകൾക്ക് അനുവദിച്ച നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ